**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2944** **12.10.2011- ൽ മറുപടിയ്ക്ക്**

**അതിവർഷവും കീടബാധയും കാരണമുള്ള നെൽകൃഷി നാശത്തിന് പ്രത്യേക ധനസഹായം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.പി. മോഹനൻ (ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ ജില്ലയിൽ പൊതുവിലും തളിപ്പറമ്പ് താലൂക്കിലെ ആന്തൂർ, കുറുമാത്തൂർ, പരിയാരം, തളിപ്പറമ്പ്, പട്ടുവം എന്നീ കൃഷിഭവനുകൾക്ക് കീഴിൽ വിശേഷിച്ചും അതിവർഷവും കീടബാധയും മൂലമുണ്ടായിട്ടുള്ള നെൽകൃഷി നാശം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) 65 ഓളം പാടശേഖര സമിതികളിലെ എഴുപത്തിയഞ്ച് ശതമാനം നെൽകൃഷിയും നശിച്ചതുമൂലമുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | ബി) & സി) | തളിപ്പറമ്പ് താലൂക്കിലെ ആന്തൂർ, കുറുമാത്തൂർ, പരിയാരം, പട്ടുവം എന്നീ കൃഷി ഭവനുകൾക്ക് കീഴിൽ വരുന്ന 22 പാടശേഖരങ്ങളിലായി ആകെ 62 ഹെക്ടറിലെ നെൽകൃഷി നശിക്കുകയുണ്ടായി. ഇതിന് 10.19 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഇതിൽ പരിയാരം കൃഷിഭവന്റെ കീഴിൽ വരുന്ന 3 ഹെക്ടർ തരിശുനിലത്തിൽ മാത്രമാണ് കൃഷി നടത്തിയത്. കീടബാധ മൂലം കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം വിള ഇൻഷ്വർ ചെയ്യുന്നവർക്കാണ് നൽകുന്നത്. പരിയാരം കൃഷിഭവന്റെ കീഴിലുള്ള 46 ഹെക്ടറിലെ ഇൻഷ്വർ ചെയ്തിട്ടുള്ള നെൽകൃഷിക്ക് കൃഷിനാശത്തിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. |
| സി) ദീർഘകാലമായി തരിശിട്ട ഭൂമിയുൾപ്പെടെ കൃഷിയോഗ്യ മാക്കിയ കൃഷിക്കാർക്കുണ്ടായി ട്ടുള്ള ഈ നാശനഷ്ടത്തിന് എന്ത് പരിഹാരമാണ് നൽകിയിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| ഡി) | ഈ മേഖലയിലെ നെൽകൃഷി പൂർണ്ണമായും ഇല്ലാതാവുന്നത് കണക്കിലെടുത്ത് ഈ മേഖലയിലെ നെൽകൃഷിയെ ദുരിതബാധിത കൃഷിയായി പ്രഖ്യാപിച്ച് കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

ഝ